## കെട്ടിടത്തിന് അനുമതി, ഷുക്കൂറിന് ആശ്വാസം

**ആറ്റിങ്ങൽ**

വർഷങ്ങളോളം പ്രവാസിയായിരുന്ന ഷുക്കൂറിന്റെ പ്രതീക്ഷയ്ക്ക് പുതുജീവൻ നൽകി നിമിഷങ്ങൾക്കുള്ളിൽ പരിഹാരമെത്തി. അന്യനാട്ടിൽ പണിയെടുത്തുണ്ടാക്കിയ സമ്പാദ്യവും ബാങ്ക് ലോണും എടുത്താണ് നഗരൂർ ആൽത്തറമൂട് സ്വദേശി ഷുക്കൂർ (70) ഒരു കെട്ടിടം പണിയുന്നത്.

പണി പൂർത്തിയായിട്ടും കെട്ടിടം വാടകയ്ക്ക് നൽകാനോ എന്തെങ്കിലും ബിസിനസ് തുടങ്ങാനോ കഴിയാത്ത അവസ്ഥയിലായി. ഭൂമി തരംമാറ്റിയപ്പോൾ കുറവുവന്നതിനാൽ കെട്ടിടാനുമതി ലഭിക്കാതെയുമായി.ഷുക്കൂറിന്റെ പരാതി പരിഗണിച്ച മന്ത്രി ജി ആർ അനിൽ അടിയന്തരമായി നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശവും നൽകി. 15 ദിവസത്തിനുള്ളിൽ കെട്ടിടാനുമതി നൽകുമെന്ന് മന്ത്രിയുടെ ഉറപ്പ് കിട്ടിയതോടെ, സന്തോഷവും നന്ദിയും അറിയിച്ചാണ് ഷുക്കൂർ മടങ്ങിയത്.

## കുടിവെള്ള ബിൽ തുക കുറവ് ചെയ്തുനൽകി

**ആറ്റിങ്ങൽ**

ജല അതോറിറ്റി കണക്ഷൻ ഇല്ലാതിരുന്ന കാലയളവിൽ ലഭ്യമായ ബിൽത്തുക ഒഴിവാക്കി ലഭിക്കണമെന്നാവശ്യപ്പെട്ടാണ് മൂന്നുമുക്ക് സ്വദേശി പ്രസന്നകുമാർ അദാലത്തിലെത്തിയത്. 10,127 രൂപ കുറവ് ചെയ്ത് നൽകിയതായുള്ള ഉത്തരവ് മന്ത്രി വി ശിവൻകുട്ടി പ്രസന്നകുമാറിന് കൈമാറി.

### നിയമതടസ്സം മാറി

# ലളിതയ്ക്കും ശാന്തയ്ക്കും ബേബിക്കും വീട് യാഥാർഥ്യമാകും

**എം ബി ദിനേശ്**

**ആറ്റിങ്ങൽ**

വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി അദാലത്തിൽ പരാതികൾ പരിശോധിക്കുന്നു

തീരദേശ നിയന്ത്രണ മേഖല പരിധി മറികടന്ന് കൊട്ടിയോട് മഠത്തിൽ വിളാകം സ്വദേശികളായ ലളിതക്കും ശാന്തക്കും ബേബിക്കും ഇനി അന്തിയുറങ്ങാൻ അടച്ചുറപ്പുള്ള വീട് ലഭ്യമാകും. കൗൺസിലറും സിപിഐ എം ആറ്റിങ്ങൽ ഏരിയ കമ്മിറ്റി അംഗവുമായ ആർ രാജുവിനൊപ്പമാണ് മൂവരും ചിറയിൻകീഴ് താലൂക്ക്തല പരാതി പരിഹാര അദാലത്തിനെത്തിയത്.

മന്ത്രി ആന്റണി രാജുവിനോട് തങ്ങളുടെ ആവലാതി അറിയിച്ചു. പട്ടികജാതി വിഭാഗത്തിൽപെട്ട തങ്ങൾ മൂവരും മണ്ണും വീടും പദ്ധതി വഴി പതിറ്റാണ്ടുകൾക്ക് മുൻപ് അനുവദിച്ച വീടുകളിലാണ് താമസിക്കുന്നത്. ഈ വീടുകൾ ഇപ്പോൾ വാസയോഗ്യമല്ല. ആറ്റിങ്ങൽ നഗരസഭ ലൈഫ് പദ്ധതിയിൽ വീട് നൽകാൻ തയ്യാറാണ്. പക്ഷേ, വാമനപുരം നദിക്ക് 100 മീറ്ററിനുള്ളിൽ സ്ഥിതി ചെയ്യുന്ന തങ്ങളുടെ ഭൂമിയിൽ വീട് അനുവദിക്കാൻ നിയമം അനുവദിക്കില്ല എന്നും ഇവർ ധരിപ്പിച്ചു.

ഇവരുടെ നിസ്സഹായാവസ്ഥ ബോധ്യമായ മന്ത്രി ആന്റണി രാജു ഭൂമി തീരദേശ നിയന്ത്രണ മേഖലയിൽനിന്ന് ഒഴിവാക്കി നൽകാൻ ഉത്തരവിടുകയായിരുന്നു.

## മന്ത്രിയുടെ ഉറപ്പ്: മഞ്ജുവിന് സർട്ടിഫിക്കറ്റുകൾ ലഭിക്കും

**ആറ്റിങ്ങൽ**

പഠിക്കാൻ മിടുക്കിയായിരുന്ന മഞ്ജുദാസിന് കാലിന് അസുഖം ബാധിച്ചതോടെ എല്ലാം പാതിവഴിയിൽ അവസാനിപ്പിക്കേണ്ടിവന്നു. 2010 ൽ എറണാകുളം സ്കൂൾ ഓഫ് നഴ്സിങ്ങിൽ പഠിക്കുമ്പോഴാണ് രോഗം ബാധിച്ചത്. തുടർന്ന് നടക്കാൻ ബുദ്ധിമുട്ടാവുകയും ക്ലാസിൽ കൃത്യമായി എത്താൻ കഴിയാതെ വരികയും ചെയ്തു.

ഒന്നരവർഷം മാത്രമാണ് മഞ്ജുവിന് കോളേജിൽ പഠിക്കാൻ കഴിഞ്ഞത്. കോഴ്സ് പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ സർട്ടിഫിക്കറ്റുകൾ തിരികെ നൽകാൻ കോളേജ് അധികൃതർ തയ്യാറായിരുന്നില്ല.

സർട്ടിഫിക്കറ്റുകൾ തിരികെ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചപ്പോൾ ബോണ്ട് തുകയായി 25,000 രൂപ കെട്ടി വയ്ക്കണമെന്ന് അധികൃതർ അറിയിച്ചു. എന്നാൽ നിർധന കുടുംബത്തിലെ അംഗമായ ജുവിന് ഈ തുക താങ്ങാവുന്നതിനും അപ്പുറമായിരുന്നു. ശ്രീചിത്ര ഹോമിലെ അന്തേവാസിയായിരുന്ന കാലത്താണ് മഞ്ജു നഴ്സിങ് പഠിക്കാൻ ചേർന്നത്. മാതാപിതാക്കൾ ഇല്ലാത്ത മഞ്ജുവിന്റെ വിവാഹം ശ്രീ ചിത്ര ഹോം അധികൃതർ മുൻകൈയെടുത്താണ് നടത്തിയത്.

പത്താം ക്ലാസിലെയും പ്ലസ്ടുവിലെയും സർട്ടിഫിക്കറ്റുകൾ ലഭിക്കാത്തതിനാൽ ജോലിക്ക് അപേക്ഷ സമർപ്പിക്കുവാനോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യാനോ സാധിക്കാതെ പ്രതിസന്ധിയിലായിരുന്നു. തുടർന്നാണ് അദാലത്തിനെത്തിയത്. പരാതികേട്ട മന്ത്രി വി ശിവൻകുട്ടി പ്രശ്നപരിഹാരത്തിന് ഇടപെട്ടു. മഞ്ജുവിന് സർട്ടിഫിക്കറ്റുകൾ ഉടൻ തിരികെ കിട്ടുമെന്ന് ഉറപ്പ് നൽകുകയും ചെയ്തു.

പെരുമാതുറ സ്വദേശിനി രഹനയ്ക്ക് മന്ത്രി ജി ആർ അനിൽ മുൻഗണനാ റേഷൻ കാർഡ് കൈമാറുന്നു

## രഹനയ്ക്കും നിഷയ്ക്കും മുൻഗണനാ റേഷൻ കാർഡ്

**ആറ്റിങ്ങൽ**

പെരുമാതുറ സ്വദേശിനി രഹന റേഷൻ കാർഡ് ഇല്ലാതെ പ്രതിസന്ധിയിലായിരുന്നു. വീട് പുറംപോക്ക് ഭൂമിയിൽ ആയതിനാലാണ് രഹനയ്ക്ക് കാർഡ് നിഷേധിക്കപ്പെട്ടത്. റേഷൻ കാർഡ് ഇല്ലാത്തതിനാൽ വീട്ടിലേക്ക് വൈദ്യുതി കണക്ഷനോ മറ്റ് സർക്കാർ ആനുകൂല്യങ്ങളോ രഹനയ്ക്ക് ലഭിച്ചിരുന്നില്ല. തുടർന്നാണ് താലൂക്ക് അദാലത്തിലെത്തിയത്. രഹനയുടെ പരാതി അനുഭാവപൂർവം പരിഗണിച്ച മന്ത്രി ജി ആർ അനിൽ ഉടനടി റേഷൻ കാർഡ് അനുവദിച്ചു.

ഭിന്നശേഷിക്കാരനായ അഞ്ച് വയസ്സുള്ള മകന്റെ ചികിത്സയ്ക്കും, മൂത്ത മകന്റെ പഠനാവശ്യങ്ങൾക്കുംവേണ്ടി മുൻഗണനാ കാർഡ് വേണമെന്ന ആവശ്യവുമായെത്തിയ കരിച്ചിയിൽ സ്വദേശി നിഷയ്ക്കും കാർഡ് അനുവദിച്ചു. മണിക്കൂറുകൾക്കുള്ളിൽ കാർഡ് കൈകളിൽ ലഭിച്ച സന്തോഷത്തിലാണ് നിഷയും മകൻ നീരജും മടങ്ങിയത്.

### സന്ധ്യക്ക് ഇരട്ട സന്തോഷം

## തൊഴിൽ സഹായവും ഒപ്പം വീടെന്ന സ്വപ്നവും യാഥാർഥ്യമാകും

**ആറ്റിങ്ങൽ**

ഭർത്താവ് ആത്മഹത്യചെയ്ത കിളിമാനൂർ സ്വദേശി സന്ധ്യ അദാലത്തിനെത്തിയത് സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം വേണമെന്ന ആവശ്യവുമായാണ്. അഞ്ചുവയസ്സുള്ള മകനും വയോധികരായ മാതാപിതാക്കളും ഉൾപ്പെടുന്ന തന്റെ കുടുംബത്തിന്റെ വിശപ്പകറ്റാൻ ഒരു വരുമാന മാർഗം തേടിയെത്തിയ സന്ധ്യയെ കൈവിടാതെ അദാലത്ത് ചേർത്തുനിർത്തി.

അദാലത്ത് ദിവസമാണ് പരാതി നൽകിയതെങ്കിലും കുടുംബത്തിന്റെ കഷ്ടത മനസ്സിലാക്കി മന്ത്രി വി ശിവൻകുട്ടി ഉടനടി ആവശ്യം പരിഗണിക്കുകയായിരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന സന്ധ്യയെ ഏക വരുമാനദായകൻ പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് ലക്ഷം രൂപ ധനസഹായമായി അനുവദിക്കുകയും ചെയ്തു. വാടകവീട്ടിൽ കഴിയുന്ന സന്ധ്യയുടെ കുടുംബത്തിനെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടിസ്വീകരിക്കാനും മന്ത്രി നിർദ്ദേശം നൽകി.

## 10 വയസ്സുകാരൻ സഹായം തേടുന്നു

**ചേരപ്പള്ളി**

ആദിത്യൻ

ഇരുവൃക്കയും പ്രവർത്തനരഹിതമായ പത്ത് വയസ്സുകാരൻ തുടർചികിത്സയ്ക്കായി സുമനസ്സുകളുടെ സഹായം തേടുന്നു.

ആര്യനാട് ചേരപ്പള്ളി പ്രശാന്ത് ഭവനിൽ പ്രശാന്തിന്റെയും വിദ്യയുടെയും മകൻ ആദിത്യൻ (10) ആണ് ചികിത്സാസഹായം തേടുന്നത്. ജന്മനാ വൃക്കരോഗത്താൽ തിരുവനന്തപുരം എസ്എടി ആശുപത്രിയിൽ ചികിത്സയിലാണ്. 2022 നവംബർ മുതൽ ഡയാലിസിസ് ചെയ്തുവരികയാണ്.

എത്രയുംവേഗം കിഡ്നി മാറ്റിവയ്ക്കണമെന്ന് ഡോക്ടർമാർ നിർദേശിച്ചിട്ടുണ്ട്. കൂലിപ്പണിക്കാരനായ പ്രശാന്തിനും വീട്ടമ്മയായ വിദ്യയ്ക്കും മകന്റെ ശസ്ത്രക്രിയക്ക് ആവശ്യമായ 30 ലക്ഷം രൂപ കണ്ടെത്താനാകാത്ത അവസ്ഥയാണ്. ബാങ്കിൽനിന്ന് ലോണെടുത്തും സന്നദ്ധസംഘടനകളുടെ സഹായം കൊണ്ടുമാണ് ഇതുവരെയുള്ള ചെലവ് നടത്തിയത്. കനറ ബാങ്കിന്റെ ആര്യനാട് ശാഖയിൽ വിദ്യയുടെ പേരിൽ അക്കൗണ്ട് തുറന്നിട്ടുണ്ട്. അക്കൗണ്ട് നമ്പർ– 110082353240, ഐഎഫ്എസ്സി കോഡ്– സിഎൻആർബി0014039, ഗൂഗിൾപേ നമ്പർ– 9846273146.

## മാവേലി സ്റ്റോർ ഉദ്ഘാടനംചെയ്തു

**മംഗലപുരം**

സപ്ലൈകോ വേങ്ങോട് ജങ്ഷനിൽ ആരംഭിച്ച മാവേലി സ്റ്റോറിന്റെ ഉദ്ഘാടനം ഭക്ഷ്യമന്ത്രി ജി ആർ അനിൽ നിർവഹിച്ചു. പോത്തൻകോട് പഞ്ചായത്ത് പ്രസിഡന്റ് ടി ആർ അനിൽ അധ്യക്ഷനായി. സപ്ലൈകോ മേഖലാ മാനേജർ ജലജ ജി എസ് റാണി സ്വാഗതം പറഞ്ഞു. ടി ആർ ഹരിപ്രസാദ്, കെ വേണുഗോപാലൻ നായർ, അനിതകുമാരി തുടങ്ങിയവർ പങ്കെടുത്തു

സിനിമ

**വർക്കല**

വിമല
▶ 2018 (11.00, 3.00, 6.30, 9.45)
എസ് ആർ
▶ പത്താം വളവ് (11.00, 3,00, 6.30, 9.45)
സ്റ്റാർ
▶ DON (11.00, 3.00, 6.15, 9.30)

**വെട്ടുറോഡ്**

ഹരിശ്രീ (0471 2755666)
▶ 2018 (11.15, 2.30, 6.15, 9.30)

**വെഞ്ഞാറമൂട്**

സിന്ധു സിനിമ
▶ 2018 (4 ഷോ)

**പോത്തൻകോട്**

എച്ച് കെ സിനിമാസ് (0471 2715555)
▶ നെയ്മർ (11.15, 2.30, 6.15, 9.30)
എം ടി സിനി പ്ലക്സ് (2419515)
ടെല 1
▶ പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.15, 9.45)
ടെല 2
▶ EVIL DEAD RISE (11.00, 2.30, 6.30, 9.30)

# വർക്കല സബ് രജിസ്ട്രാർ ഓഫീസ് മന്ദിരത്തിന് കല്ലിട്ടു

**വർക്കല**

വർക്കല സബ് രജിസ്ട്രാർ ഓഫീസ് മന്ദിരത്തിന് വി ജോയി എംഎൽഎ കല്ലിടുന്നു

സംസ്ഥാന സർക്കാരിന്റെ മൂന്നാം 100 ദിന കർമപരിപാടിയിൽ ഉൾപ്പെടുത്തി കിഫ്ബി ഫണ്ടിൽനിന്ന് 1.50 കോടി രൂപ ചെലവഴിച്ച് നിർമിക്കുന്ന വർക്കല സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ നിർമാണോദ്ഘാടനം മന്ത്രി വി എൻ വാസവൻ വീഡിയോ കോൺഫറൻസിലൂടെ നിർവഹിച്ചു. ഇതോടനുബന്ധിച്ച് വർക്കലയിൽ സംഘടിപ്പിച്ച പരിപാടി വി ജോയി എംഎൽഎ ഉദ്ഘാടനംചെയ്തു. പൊതുപ്രവർത്തകരുടെയും ജനങ്ങളുടെയും ഏറെ നാളത്തെ ആവശ്യമായിരുന്നു വർക്കല സബ് രജിസ്ട്രാർ ഓഫീസിന് പുതിയ മന്ദിരം എന്നത്. വി ജോയി എംഎൽഎയുടെ നിരന്തരമായ ശ്രമഫലമായി കെട്ടിട നിർമാണത്തിനായി തുക അനുവദിക്കുകയായിരുന്നു.

നിർമാണപ്രവൃത്തികൾ അതിവേഗം പൂർത്തിയാക്കി നാടിനു സമർപ്പിക്കുമെന്ന് എംഎൽഎ അറിയിച്ചു. വർക്കല നഗരസഭ ചെയർമാൻ കെ എം ലാജി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സ്മിത സുന്ദരേശൻ, ഇടവ പഞ്ചായത്ത് പ്രസിഡന്റ് എ ബാലിക്ക്, വെട്ടൂർ പഞ്ചായത്ത് പ്രസിഡന്റ് ഷീജ സുനിൽലാൽ, ചെമ്മരുതി പഞ്ചായത്ത് പ്രസിഡന്റ് പ്രിയങ്ക ബിറിൽ, ഇലകമൺ പഞ്ചായത്ത് പ്രസിഡന്റ് ആർ സൂര്യ, ജില്ലാ പഞ്ചായത്ത് അംഗം വി പ്രിയദർശിനി, നഗരസഭ വൈസ് ചെയർപേഴ്സൺ കുമാരി സുദർശിനി, വാർഡ് കൗൺസിലർ വി നിതിൻ നായർ, എം കെ യൂസഫ്, വി മണിലാൽ, വർക്കല സജീവ്, അഡ്വ. എസ് കൃഷ്ണകുമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. ദക്ഷിണ മേഖല ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ മധു സ്വാഗതവും ജില്ലാ രജിസ്ട്രാർ ജനറൽ പി പി നൈനാൻ നന്ദിയും പറഞ്ഞു.

കാനാറ വാർഡ് എൽഡിഎഫ് സ്ഥാനാർഥി വി എൽ രേവതിയുടെ ബൂത്ത് ഒന്ന് കൺവൻഷൻ കെ എം സച്ചിൻദേവ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

## തെരഞ്ഞെടുപ്പ് കൺവൻഷൻ

**കിളിമാനൂർ**

മെയ് 30ന് ഉപതെരഞ്ഞെടുപ്പ് നടക്കുന്ന പഴയകുന്നുമ്മേൽ പഞ്ചായത്ത് കാനാറ വാർഡിലെ എൽഡിഎഫ് സ്ഥാനാർഥി വി എൽ രേവതിയുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി ബൂത്ത് ഒന്നിന്റെ കൺവൻഷൻ സംഘടിപ്പിച്ചു. കൺവൻഷൻ കെ എം സച്ചിൻദേവ് എംഎൽഎ ഉദ്ഘാടനം ചെയ്തു. കെ ജി ശ്രീകുമാർ അധ്യക്ഷനായി. സിപിഐ എം ജില്ലാ സെക്രട്ടറിയറ്റംഗം ബി പി മുരളി, ജില്ലാകമ്മറ്റിയംഗം മടവൂർ അനിൽ, ഏരിയ സെക്രട്ടറി തട്ടത്തുമല ജയചന്ദ്രൻ, സിപിഐ മണ്ഡലം സെക്രട്ടറി എ എം റാഫി, സിപിഐ എം ഏരിയാകമ്മിറ്റിയംഗം എം ഷാജഹാൻ, സ്ഥാനാർഥി വി എൽ രേവതി തുടങ്ങിയവർ സംസാരിച്ചു. എം സത്യശീലൻ സ്വാഗതവും പി പുഷ്കരൻ നന്ദിയും പറഞ്ഞു.

## വർക്കലയിൽ കെ സ്റ്റോർ തുറന്നു

**വർക്കല**

വർക്കല താലൂക്ക്തല കെ സ്റ്റോർ ഉദ്ഘാടനം ഇലകമൺ പഞ്ചായത്തിൽ ഹരിഹരപുരത്ത് പ്രവർത്തിക്കുന്ന 42–ാംനമ്പർ റേഷൻ കടയിൽ വി ജോയി എംഎൽഎ നിർവഹിച്ചു.

നാട്ടിൻപുറത്തെ ജനങ്ങൾക്ക് സ്മാർട്ട് കാർഡുകളുടെ സഹായത്തോടെ പതിനായിരം രൂപ വരെയുള്ള മിനി ബാങ്കിങ് സൗകര്യവും യൂട്ടിലിറ്റി പെയ്മെന്റ് സർവീസ്, ചോട്ടു ഗ്യാസ് വിതരണം, മിൽമ ഉൽപ്പന്നങ്ങൾ, ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങൾ, ഓൺലൈൻ ഇതര സർവീസുകൾ ലഭ്യമാക്കുന്ന കോമൺ സർവീസ് സെന്റർ എന്നിവ ലഭ്യമാക്കിയാണ് റേഷൻ കടകൾ കെ സ്റ്റോറുകളാക്കി മാറ്റിയത്. ഇലകമൺ പഞ്ചായത്ത് പ്രസിഡന്റ് ആർ സൂര്യ അധ്യക്ഷയായി. വൈസ് പ്രസിഡന്റ് ലൈജു രാജ്, പഞ്ചായത്തംഗങ്ങളായ ലേഖ, സുനു സുദേവ്, സിപിഐ എം ഇലകമൺ ലോക്കൽ സെക്രട്ടറി ഇക്ബാൽ, സിപിഐ ലോക്കൽ സെക്രട്ടറി സുജാതൻ എന്നിവർ സംസാരിച്ചു. വർക്കല താലൂക്ക് സപ്ലൈ ഓഫീസർ വി ബൈജു സ്വാഗതവും റേഷനിങ് ഇൻസ്പെക്ടർ സീന നന്ദിയും പറഞ്ഞു.

## ഓംബുഡ്സ്മാൻ സിറ്റിങ്

**തിരുവനന്തപുരം**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയുടെയും ഓംബുഡ്സ്മാൻ കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിൽ വെള്ളിയാഴ്ച സിറ്റിങ് നടത്തും. പകല് 11 മുതൽ ഒന്നുവരെയാണ് സിറ്റിങ്. കരവാരം, കിളിമാനൂർ, മടവൂർ, നഗരൂർ, നാവായിക്കുളം, പള്ളിക്കൽ, പഴയകുന്നുമ്മേൽ, പുളിമാത്ത് ഗ്രാമപഞ്ചായത്തുകളിലെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി തൊഴിലാളികൾ, ഗുണഭോക്താക്കൾ, മേറ്റുമാർ, പൊതുപ്രവർത്തകർ, ജനപ്രതിനിധികൾ, ജീവനക്കാർ എന്നിവർക്കും പ്രധാനമന്ത്രി ആവാസ് യോജന ഭവനപദ്ധതി ഗുണഭോക്താക്കൾക്കും പരാതികളും നിർദ്ദേശങ്ങളും നേരിട്ട് അറിയിക്കാം.

## ഫ്രിഡ്ജ് പൊട്ടിത്തെറിച്ച് സ്ത്രീക്ക് പൊള്ളൽ

**കിളിമാനൂർ**

നഗരൂർ കടവിളയിലെ വീട്ടിൽ അഗ്നിരക്ഷാസംഘം രക്ഷാപ്രവർത്തനം നടത്തുന്നു

ഫ്രിഡ്ജ് പൊട്ടിത്തെറിച്ച് കത്തി സ്ത്രീക്ക് ഗുരുതര പരിക്കേറ്റു. നഗരൂർ കടവിള പുല്ലുതോട്ടം നാണി നിവാസിൽ ഗിരിജ സത്യനാ (59)ണ് പൊള്ളലേറ്റത്. ചൊവ്വ പകൽ പതിനൊന്നരയോടെയാണ് സംഭവം. ഗിരിജ മാത്രമാണ് വീട്ടിലുണ്ടായിരുന്നത്. വീടിന് പുറത്തുനിന്ന ഇവർ ഗ്യാസ് ലീക്കായ മണം അനുഭവപ്പെട്ടതിനെ തുടർന്ന് അടുക്കളവാതിൽ തുറന്ന് അകത്ത് കടന്നപ്പോൾ ഉഗ്രശബ്ദത്തോടെ ഫ്രിഡ്ജ് പൊട്ടിത്തെറിക്കുകയായിരുന്നു.

ദേഹമാസകലം പൊള്ളലേറ്റ ഗിരിജയെ തിരുവനന്തപുരത്ത് സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അമ്പത് ശതമാനത്തോളം പൊള്ളലേറ്റിറ്റുണ്ട്. ഡബിൾ ഡോർ ഫ്രിഡ്ജ് പൂർണമായും കത്തി. ശബ്ദംകേട്ട് അയൽവാസികൾ ഓടിയെത്തി ആറ്റിങ്ങൽ അഗ്നിരക്ഷാ നിലയത്തിൽ അറിയിച്ചു. ഫയർ സ്റ്റേഷൻ ഓഫീസർ ജി ഷാജ്, അസി. സ്റ്റേഷൻ ഓഫീസർ മനോഹരൻപിള്ള തുടങ്ങിയവരുടെ നേതൃത്വത്തിൽ തീ അണച്ചു. ഫ്രിഡ്ജിന്റെ കംപ്രസർ യൂണിറ്റ് പൊട്ടിത്തെറിച്ചാകാം അപകടമെന്നാണ് പ്രാഥമിക നിഗമനം.

## യാദവസഭ സംസ്ഥാന സമ്മേളനം

**തിരുവനന്തപുരം**

കേരള യാദവസഭയുടെ 68–ാം വാർഷികവും സംസ്ഥാന സമ്മേളനവും സംസ്ഥാന പ്രസിഡന്റ് എ കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു. പുതിയ ഭാരവാഹികളായി എ കൃഷ്ണൻകുട്ടി( പ്രസിഡന്റ്), കെ കൃഷ്ണപിള്ള( വർക്കിങ് പ്രസിഡന്റ്), എസ് നാഗരാജൻ, സി ഗോപി, എം കതിർവേൽ (വൈസ് പ്രസിഡന്റുമാർ), ബി രാജു, വി ശിവറാം, പ്രീത ഗണേഷ് (സെക്രട്ടറിമാർ) എന്നിവരെ തെരഞ്ഞെടുത്തു.

## ശുചീകരിച്ചു

**വർക്കല**

മാലിന്യമുക്ത കേരളം ക്യാമ്പയിന്റെ ചെമ്മരുതി പഞ്ചായത്ത് നടയറ വാർഡ്തല ഉദ്ഘാടനം നടയറ ശിവഗിരി ഗുരുകുലം റോഡിൽ വാർഡ് മെമ്പർ നജുമ സാബു നിർവഹിച്ചു. വാർഡ് വികസന സമിതി ചെയർമാൻ ടിഎം സിനിമോൻ, ജാഗ്രത സമിതി അംഗം എസ് അബൂബക്കർ, വാർഡ് ജെഎച്ച്ഐ എസ് സരിത, ആശാ വർക്കർമാരായ ജയശശി, ആർ തങ്കമണി, വാർഡ് തൊഴിലുറപ്പ് മേറ്റ് എസ് ലത തുടങ്ങിയവർ പങ്കെടുത്തു.

ചാനൽ സിനിമ

**കൈരളി**

| | |
|---|---|
| 6.30 | വീരം |
| 9.00 | വേതാളം |
| 12.00 | 1911 |
| 4.00 | സിങ്കം 2 |
| 7.00 | തെങ്കാശിപട്ടണം |
| 10.00 | യു ടേൺ |

**വി**

| | |
|---|---|
| 7.00 | പട്ടണപ്രവേശം |
| 10.30 | മാരി 2 |
| 1.30 | രാക്ഷസൻ |
| 5.00 | ഭരത്ചന്ദ്രൻ IPS |
| 7.30 | ആലിബാബയും ആറരക്കള്ളന്മാരും |
| 10.00 | സംഘം |

**ഏഷ്യാനെറ്റ്**

| | |
|---|---|
| 9.30 | ചൈനാടൗൺ |

**ഏഷ്യാനെറ്റ് പ്ലസ്**

| | |
|---|---|
| 5.30 | വിദ്യാരംഭം |
| 9.30 | സുകൃതം |
| 3.00 | ഹരിഹരൻപിള്ള ഹാപ്പിയാണ് |
| 11.00 | കാക്കി |

**ഏഷ്യാനെറ്റ് മൂവീസ്**

| | |
|---|---|
| 7.00 | ഈ പറക്കും തളിക |
| 10.00 | അത്ഭുതദ്വീപ് |
| 1.00 | നന്ദനം |
| 4.00 | പുള്ളിക്കാരൻ സ്റ്റാറാ |
| 7.00 | 12th Man |
| 10.30 | കണ്ണും കണ്ണും കൊള്ളയടിത്താൽ |

**സൂര്യ**

| | |
|---|---|
| 8.30 | ഏഴ് സുന്ദരരാത്രികൾ |
| 2.30 | ഡാർവിന്റെ പരിണാമം |

**സൂര്യ മൂവീസ്**

| | |
|---|---|
| 7.00 | ഇലക്ട്ര |
| 10.00 | ദേ ഇങ്ങോട്ടു നോക്കിയേ |
| 1.00 | നം 1 സ്നേഹതീരം ബാംഗ്ലൂർ നോർത്ത് |
| 4.00 | ഉത്തമൻ |
| 7.00 | അഭിമന്യു |
| 10.00 | രണഭൂമി |

**എസിവി**

| | |
|---|---|
| 9.00 | ആര്യൻ |
| 2.00 | ചക്കരയുമ്മ |
| 9.30 | മിഥ്യ |

### ഉദ്ഘാടനം ഇന്ന്

# കേരള സർവകലാശാലയിൽ ശിശുപരിപാലന കേന്ദ്രം

**സ്വന്തം ലേഖിക**

**തിരുവനന്തപുരം**

കേരള സർവകലാശാലയുടെ പാളയം സെനറ്റ് ഹൗസ് ക്യാമ്പസിൽ ബുധനാഴ്ച മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യുന്ന ക്രഷെ

കേരള സർവകലാശാലയുടെ പാളയം സെനറ്റ് ഹൗസ് ക്യാമ്പസിൽ ജീവനക്കാരുടെ മക്കളെ പരിപാലിക്കാനായി ക്രഷെ സംവിധാനം. സർക്കാരിന്റെ നൂറുദിന കർമ പരിപാടിയുടെ ഭാഗമായാണ് ക്രഷെ സ്ഥാപിച്ചത്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർധിപ്പിക്കുന്നതിനും അതിലൂടെ അവർക്ക് സാമ്പത്തികഭദ്രത കൈവരിക്കുന്നതിനും കുഞ്ഞുങ്ങൾക്ക് മാതാപിതാക്കളിൽനിന്ന് അർഹതപ്പെട്ട കരുതൽ, സംരക്ഷണം, പോഷകാഹാരം എന്നിവ ലഭ്യമാക്കുന്നതിനുംവേണ്ടിയാണ് തൊഴിലിടങ്ങളിൽ ശിശുപരിപാലന കേന്ദ്രങ്ങൾ സജ്ജമാക്കുന്നത്. ബുധൻ പകൽ 11.30ന് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും.

തൃശൂർ, എറണാകുളം മെഡിക്കൽ കോളേജുകളിലും വെള്ളാനിക്കര അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി കോമ്പൗണ്ടിലും വനിതാ ശിശു വികസന വകുപ്പിന്റെ ക്രഷെകൾ ഉടൻ ആരംഭിക്കും. ആറു മാസംമുതൽ ആറുവയസ്സ് വരെയുള്ള കുഞ്ഞുങ്ങളെയാണ് ഇവിടെ പരിപാലിക്കുന്നത്. ഇതിനായി വർക്കറും ആയയുമുണ്ടാകും.

നാഷണൽ ക്രഷെ സ്കീമിന്റെ ഭാഗമായി കേരള സംസ്ഥാന ശിശു ക്ഷേമ സമിതി മുഖേന 25 ക്രഷെകൾ സർക്കാർ/പൊതു ഓഫീസ് സമുച്ചയങ്ങൾ സ്ഥിതി ചെയ്യുന്നിടത്ത് ആരംഭിക്കാൻ തീരുമാനിച്ചിരുന്നു. അതിന്റെ ഭാഗമായി കേരള പബ്ലിക് സർവീസ് കമീഷന്റെ സഹകരണത്തോടെ പട്ടത്തെ കേരള പിഎസ്സി ഓഫീസ് ആസ്ഥാനത്ത് ക്രഷെ സജ്ജമാക്കി. തുടർന്ന് സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ തുടങ്ങി. സംസ്ഥാനത്തെ പതിനേഴാമത്തെയും ജില്ലയിലെ അഞ്ചാമത്തെയും ക്രഷെയുടെ ഉദ്ഘാടനമാണ് ബുധനാഴ്ചത്തേത്.

## കെഎസ്ടിഎ ജില്ലാ പഠനക്യാമ്പ് ആരംഭിച്ചു

**വർക്കല**

കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ ദ്വിദിന ജില്ലാ പഠനക്യാമ്പ് വർക്കലയിൽ തുടങ്ങി. ‘സമകാലീന രാഷ്ട്രീയം’ എന്ന വിഷയം അവതരിപ്പിച്ച് വി ജോയി എംഎൽഎ ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് ഡി സുധീഷ് സംഘടനാ വിദ്യാഭ്യാസ രേഖ അവതരിപ്പിച്ചു. ‘വൈജ്ഞാനിക സമൂഹവും വിദ്യാഭ്യാസവും’ എന്ന വിഷയത്തിൽ കെ ജയദേവൻ ക്ലാസെടുത്തു.

ജില്ലാ പ്രസിഡന്റ് ആർ വിദ്യ വിനോദ് അധ്യക്ഷനായി. സംസ്ഥാന സെക്രട്ടറി എ നജീബ്, എം എസ് പ്രശാന്ത്, പി വി രാജേഷ്, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ ബി ബിജു, പി സുജുമേരി, ബി എം ശ്രീലത എന്നിവർ സംസാരിച്ചു. ജില്ലാ സെക്രട്ടറി സിജോവ് സത്യൻ സ്വാഗതവും ട്രഷറർ ബിഎസ് ഹരിലാൽ നന്ദിയും പറഞ്ഞു. രണ്ടാം ദിവസം പ്രൊഫ. വി കാർത്തികേയൻ നായർ ‘ചരിത്രവും വർത്തമാനവും’ എന്ന വിഷയത്തിലും ഡോ. ഷിജുഖാൻ ‘ ഇന്ത്യ പ്രശ്നങ്ങളും പരിഹാരവും’ എന്ന വിഷയത്തിലും ക്ലാസെടുക്കും.

## ശിലാസ്ഥാപനം ഇന്ന്

**തിരുവനന്തപുരം**

കഴക്കൂട്ടം കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്കിൽ നിർമിക്കുന്ന സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ ശിലാസ്ഥാപനം ബുധൻ വൈകിട്ട് 5.30ന് മന്ത്രി പി രാജീവ് നിർവഹിക്കും. ഐടി/ഐടി അനുബന്ധ വ്യവസായങ്ങൾക്കായി രണ്ടു ലക്ഷം ചതുരശ്രയടി വിസ്തീർണത്തിൽ എട്ടു നിലകളിലായുള്ള കെട്ടിടമാണ് നിർമിക്കുന്നത്. രണ്ടു വർഷത്തിനുള്ളിൽ നിർമാണം പൂർത്തിയാക്കും. 5000 പേർക്ക് പ്രത്യക്ഷമായും 7500 പേർക്ക് പരോക്ഷമായും തൊഴിലും 100 കോടിയോളം രൂപയുടെ നിക്ഷേപവുമാണ് പ്രതീക്ഷിക്കുന്നത്.